23

ജൂൺ
തിങ്കൾ 2025

# കാലികം

സ്പെഷ്യൽ പതിപ്പ്

SIHSS UMMATHUR



ഉമ്മത്തൂർ ഹയർ സെക്കണ്ടറി സ്കൂൾ വിജയോത്സവം ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡണ്ട് നസീമ കൊട്ടാരത്തിൽ നിർവ്വഹിക്കുന്നു

## ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ ബുധനാഴ്ച

പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിവരുന്ന ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിലേക്ക് ഈ വർഷത്തെ എട്ടാം ക്ലാസ് വിദ്യാർത്ഥികളിൽ നിന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷ ജൂൺ 25 ബുധനാഴ്ച നടക്കും. 183 വിദ്യാർത്ഥികളാണ് അഭിരുചി പരീക്ഷക്ക് രജിസ്റ്റർ ചെയ്തത്. അഭിരുചി പരിക്ഷയിൽ മികച്ച നിലവാരം പുലർത്തുന്ന 40 കുട്ടികൾക്കാണ് ലിറ്റിൽ കൈറ്റ്സിൽ അംഗത്വം ലഭിക്കുന്നത്.

# വിജയോത്സവം ഉദ്ഘാടനം ചെയ്തു

ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ വിജയോത്സവം ഉദ്ഘാടനവും അനുമോദനവും (ലോറൽ 2025) ചെക്യാട് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് നസീമ കൊട്ടാരത്തിൽ ഉദ്ഘാടനം ചെയ്തു. മാനേജർ പ്രൊഫ: പി മമ്മു സാഹിബ് അധ്യക്ഷത വഹിച്ചു. SSLC, +2 പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ചടങ്ങിൽ വെച്ച് അനുമോദിച്ചു. പ്രശസ്ത മോട്ടിവേഷൻ സ്പീക്കർ ഡോ: ജവഹർ മുനവ്വർ മുഖ്യ പ്രഭാഷണം നടത്തി. 2025-26 വർഷത്തെ വിജയോത്സവം പദ്ധതി രൂപരേഖ പ്രകാശനം ഹെഡ്മാസ്റ്റർ കെ കെ ഉസ്മാൻ കൺവീനർ പി സഫീറടീച്ചറിൽ നിന്നും ഏറ്റുവാങ്ങി നിർവ്വഹിച്ചു. വിജയോത്സവം ഫണ്ട് ഉദ്ഘാടനം എം ആർ നാസർ നിർവ്വഹിച്ചു.



വാർഡ് മെമ്പർ ടി കെ ഖാലിദ്മാസ്റ്റർ, പ്രിൻസിപ്പൽ പി ടി അബ്ദുറഹിമാൻ, ആർ പി ഹസൻ, കെ സി റഷീദ്മാസ്റ്റർ, ടി എ സലാം, വിപി അബ്ദുല്ല, എം ആർ നാസർ, കുറ്റിയിൽ കുഞ്ഞബ്ദുള്ളമാസ്റ്റർ, ടി ബി മനാഫ്, താജു വളപ്പിൽ എന്നിവർ പ്രസംഗിച്ചു. ഹെഡ്മാസ്റ്റർ കെ കെ ഉസ്മാൻ സ്വാഗതവും പി കെ ഷമീമടീച്ചർ നന്ദിയും പറഞ്ഞു.




ഉന്നതവിജയികൾക്കുള്ള അനുമോദനം
പഞ്ചായത്ത് പ്രസിഡണ്ട് നിർവ്വഹിക്കുന്നു



വിജയോത്സവം ഫണ്ട് ഉദ്ഘാടനം
എം ആർ നാസർ നിർവ്വഹിക്കുന്നു

# വായനവസന്തം: പരിപാടികൾക്ക് തുടക്കം




വായനവസന്തം സനിൽ ദിവാകർ
ഉദ്ഘാടനം ചെയ്യുന്നു



മധുരം മലയാളം മഹമൂദ് ഇടത്തിൽ
ഉദ്ഘാടനം ചെയ്യുന്നു

ആഹാരം ആരോഗ്യത്തിലേക്കുള്ള ഗോവണിപ്പടികളാണെങ്കിൽ പുസ്തകം അറിവിലേക്കും അതുവഴി മനസിന്റെ ആരോഗ്യത്തിലേക്കുമുള്ള ഏണിപ്പടികളാണെന്ന് ആക്ടിവിസ്റ്റും പ്രഭാഷകനുമായ സനിൽ ദിവാകർ പറഞ്ഞു. ഉമ്മത്തൂർ എസ് ഐ ഹയർ സെക്കൻഡറി സ്കൂളിൽ ഒരാഴ്ച നീണ്ടു നിൽക്കുന്ന വായന പരിപോഷണ പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. വിദ്യാരംഗംകലാസാഹിത്യവേദിയുടെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു. ക്ലാസ് ലൈബ്രറികളുടെ സമർപ്പണം, മാധ്യമ ശില്പശാല, പുസ്തക പരിചയങ്ങൾ, സാഹിത്യ മത്സരങ്ങൾ എന്നിവയാണ് വായനവസന്തത്തിന്റെ ഭാഗമായി നടക്കുന്നത്.

ഇരുപത്തിയൊന്ന് ക്ലാസ് ലൈബ്രറികളുടെ ഉദ്ഘാടനം ഹെഡ്മാസ്റ്റർ കെ കെ ഉസ്മാൻ നിർവ്വഹിച്ചു. മാധ്യമപ്രവർത്തകൻ ജമാൽ കല്ലാച്ചി മുഖ്യ പ്രഭാഷണം നടത്തി. അസ്‌ലം കളത്തിൽ അധ്യക്ഷത വഹിച്ചു. കുട്ടികൾ തയ്യാറാക്കിയ മാഗസിൻ പിടിഎ വൈസ് പ്രസിഡന്റ് സി എച്ച് ഹമീദ് മാസ്റ്റർ പ്രകാശനം ചെയ്തു. വായന ക്വിസ് വിജയികൾക്ക് ഗ്രാമ പഞ്ചായത്ത് മെമ്പർ ടി കെ ഖാലിദ്മാസ്റ്റർ ഉപഹാരം നൽകി.


മികച്ച ക്ലാസ് ലൈബ്രറി സജ്ജീകരണത്തിനുള്ള മത്സരത്തിൽ 9A ഒന്നാം സ്ഥാനവും 8F രണ്ടാം സ്ഥാനവും 8A മൂന്നാം സ്ഥാനവും നേടി. 8B, 10A ക്ലാസ്സുകൾ പ്രോത്സാഹന സമ്മാനം കരസ്ഥമാക്കി. അഹമദ് സി എച്ച്, കെ രഞ്ജിനി ടീച്ചർ, പി പി അബ്ദുൽ ഹമീദ്, ടി ബി മനാഫ് മാസ്റ്റർ, ഇ ഷമീർ മാസ്റ്റർ, ശ്രുതി ടീച്ചർ എന്നിവർ



പ്രസംഗിച്ചു. എൻ കെ കുഞ്ഞബ്ദുള്ള മാസ്റ്റർ സ്വാഗതവും വിദ്യാരംഗം കൺവീനർ മിൻഹ ഫാത്തിമ നന്ദിയും പറഞ്ഞു.

വായനദിനത്തിൽ ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന മധുരം മലയാളം പരിപാടി യുവ കഥാകൃത്ത് മഹമൂദ് ഇടത്തിൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ പിടി അബ്ദുറഹിമാർ അധ്യക്ഷത വഹിച്ചു. വി താജു മാസ്റ്റർ, എം ടി രേണുക ടീച്ചർ, റസാഖ് മാസ്റ്റർ, ഡോ: ദിനേശൻ കല്ലുനിര, ടി കെ ജാബിർ മാസ്റ്റർ തുടങ്ങിയവർ പ്രസംഗിച്ചു.

# പൂർവ്വവിദ്യാർത്ഥികൾ വക ലൈബ്രറിക്ക് ഫണ്ട്




പൂർവ്വവിദ്യാർത്ഥികൾ സ്കൂൾ ലൈബ്രറിക്ക് ഒരു ലക്ഷം രൂപ ഫണ്ട് നൽകി. ഉമ്മത്തൂർ ഹയർ സെക്കണ്ടറി സ്കൂൾ ലൈബ്രറി ഡിജിറ്റലൈസേഷന് വേണ്ടിയാണ് SSLC 2000 ബാച്ചിലെ വിദ്യാർത്ഥികൾ ഒരു ലക്ഷം രൂപ നൽകിയത്. സ്കൂളിൽ നടന്ന ചടങ്ങിൽ
2000 ബാച്ചിന് വേണ്ടി നൗഷാദ്, അബ്ബാസ്, സയീദ, ആയിഷ, സാജിദ എന്നിവർ ഫണ്ട് ലൈബ്രേറിയൻ അസ്‌ലം കളത്തിലിന് കൈമാറി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നസീമ കൊട്ടാരത്തിൽ, വാർഡ് മെമ്പർ ടി കെ ഖാലിദ് മാസ്റ്റർ, മാനേജർ പ്രൊഫ: പി മമ്മുസാഹിബ്, ആർ പി ഹസൻ, പ്രിൻസിപ്പൽ പിടി അബ്ദു റഹിമാൻ, ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ, കുറ്റിയിൽ കുഞ്ഞബ്ദുള്ള മാസ്റ്റർ, എൻ കെ കുഞ്ഞബ്ദുള്ള മാസ്റ്റർ, കെ രഞ്ജിനി ടീച്ചർ തുടങ്ങിയവർ സംബന്ധിച്ചു.

## രക്ഷാകർതൃ ശിൽപശാല നടത്തി




ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ വിജയോത്സവം സമിതിയുടെ നേതൃത്വത്തിൽ SSLC വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കായി Gnosis എന്ന പേരിൽ രക്ഷാകർതൃ ശിൽപശാല സംഘടിപ്പിച്ചു. ഹെഡ്മാസ്റ്റർ കെ കെ ഉസ്മാൻ അധ്യക്ഷത വഹിച്ചു. പ്രശസ്ത പ്രഭാഷകൻ രംഗീഷ് കടവത്ത് ഉദ്ഘാടനം ചെയ്തു. കെ സി റഷീദ് മാസ്റ്റർ, കെ രഞ്ജിനി ടീച്ചർ, പതിയായി അഷ്റഫ് മാസ്റ്റർ, അസ്‌ലം കളത്തിൽ, ടി ബി മനാഫ് മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. ടി കെ ഖാലിദ് മാസ്റ്റർ സ്വാഗതവും പി സഫീറ ടീച്ചർ നന്ദിയും പറഞ്ഞു.

## പ്ലസ് വൺ പ്രവേശനോത്സവം



ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ ഒന്നാം വർഷ പ്ലസ് വൺ വിദ്യാർത്ഥികൾക്കുള്ള പ്രവേശനോത്സവം വരവേൽപ്പ് 2025 മുൻ ജില്ലാ പഞ്ചായത്ത് മെമ്പർ എ ആമിന ടീച്ചർ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ടി കെ ഖാലിദ് മാസ്റ്റർ, പ്രിൻസിപ്പൽ പിടി അബ്ദുറഹിമാൻ, ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ, താജു വളപ്പിൽ, ഇ അബ്ദുൽ റസാഖ്, എംടി രേണുക ടീച്ചർ, ഡോ: ദിനേശൻ കല്ലുനിര, ഇ സി അനീസുദീൻ, സൗമ്യടീച്ചർ, ദീപടീച്ചർ, ടി കെ ജാബിർ മാസ്റ്റർ, ഷരീഫ ടീച്ചർ, മുഹമ്മദ് താനിയറ്റ തുടങ്ങിയവർ പ്രസംഗിച്ചു.

## അന്താരാഷ്ട്ര യോഗ ദിനം



ഉമ്മത്തൂർ എസ് ഐ ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂനിറ്റും സ്പോർട്സ് ക്ലബ്ബും സംയുക്തമായി സംഘടിപ്പിച്ച അന്താഷ്ട്ര യോഗ ദിനാചരണം ഹെഡ് മാസ്റ്റർ കെ കെ ഉസ്മാൻ ഉദ്ഘാടനം ചെയ്തു. യോഗ ട്രൈനർ ശിവകാമി ശശിധരൻ പരിശീലനത്തിന് നേതൃത്വം നൽകി. കെ രഞ്ജിനി ടീച്ചർ, ദിവ്യടീച്ചർ, എന്നിവർ പ്രസംഗിച്ചു. കെ വി സിയാദ് മാസ്റ്റർ സ്വാഗതവും പി പി ഹാരിസ് മാസ്റ്റർ നന്ദിയും പറഞ്ഞു.